## പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1429 | 13/06/2014-ൽ മറുപടിക്ക്

### 'ക്ലീൻകേരള കമ്പനി' യുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ:<br>ശ്രീ. വി. ശിവൻകുട്ടി:<br>ശ്രീ. എ. പ്രദീപ്കുമാർ:<br>ശ്രീ. ബാബു എം. പാലിശ്ശേരി: | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) നഗരമാലിന്യങ്ങൾ സംസ്കരിക്കുന്നതിന് രൂപീകരിക്കുമെന്ന് പ്രഖ്യാപിക്കപ്പെട്ട 'ക്ലീൻകേരള കമ്പനി' യുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; പ്രസ്തുത കമ്പനിയുടെ ഘടനയും പ്രവർത്തനവും വിശദമാക്കുമോ ; | (എ) ഉണ്ട്. സംസ്ഥാനത്തെ ശുചിത്വ പരിപാലന മേഖലയിൽ പൊതുജന പങ്കാളിത്തത്തോടുകൂടി ശുചീകരണ പദ്ധതികൾ നടപ്പിലാക്കി പൊതുജനാരോഗ്യ മേഖലയിൽ സമൂലമായ പുരോഗതി ലക്ഷ്യമാക്കി 2.11.2012 ലെ സ.ഉ (എം.എസ്) നം. 282/2012/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം കേരള വേസ്റ്റ് മാനേജ്മെന്റ് കമ്പനി രൂപീകരിക്കുകയുണ്ടായി. 30.3.2013 ലെ സ.ഉ (എം.എസ്) നം. 135/2013/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ടി കമ്പനിയെ 'ക്ലീൻകേരള കമ്പനി' എന്ന് പുനർനാമകരണം ചെയ്യുകയും 2013 ഡിസംബർ 10 -ാം തീയതി 1956 ലെ കമ്പനീസ് ആക്ട് പ്രകാരം കമ്പനി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. നഗരകാര്യ വകുപ്പ് മന്ത്രി ചെയർമാനും ശ്രീ. കബീർ. ബി. ഹാറൂൺ മാനേജിംഗ് ഡയറക്ടറും, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, നഗരകാര്യ വകുപ്പ് സെക്രട്ടറി, നഗരകാര്യ വകുപ്പ് ഡയറക്ടർ, ആസൂത്രണ വകുപ്പ് സെക്രട്ടറി, ധനകാര്യ (എക്സ്പെൻഡിച്ചർ) വകുപ്പ് സെക്രട്ടറി, ശ്രീ. കെ. സലീം കൈതേയിൽ, ശ്രീ. അബ്ദുള്ള സുബൈർ എന്നിവർ ഉൾപ്പെടുന്നതാണ് കമ്പനിയുടെ ഡയറക്ടർ ബോർഡ്. |
| (ബി) പ്രസ്തുത കമ്പനിയുടെ പ്രവർത്തനമേഖല എവിടെയൊക്കെയാണെന്നറിയിക്കുമോ; | (ബി) കമ്പനിയുടെ പ്രവർത്തന മേഖല കേരള സംസ്ഥാനത്തുടനീളമാണ്. |
| (സി) കമ്പനിയുടെ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് സ്വരൂപിച്ചത് ഏത് മാർഗ്ഗത്തിലൂടെയാണ്; കമ്പനിയുടെ ഇപ്പോഴത്തെ പ്രവർത്തനമൂലധനത്തെപ്പറ്റി വിശദമാക്കുമോ ; | (സി) പത്ത് കോടി രൂപ മൂലധനം കണക്കാക്കി സിയാൽ മാതൃകയിൽ രൂപീകരിച്ചിട്ടുള്ള ഈ കമ്പനിയിൽ 26% സർക്കാർ ഓഹരിയും ബാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സ്വരൂപിക്കാവുന്നതുമാണ്. 26.3.2014 ലെ സ.ഉ (സാധാ) നം. 893/2014/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ മുനിസിപ്പാലിറ്റികൾക്കും മുനിസിപ്പൽ കോർപ്പറേഷനുകൾക്കും കമ്പനിയുടെ ഷെയർ വാങ്ങുന്നതിന് അനുമതി നൽകിയിരുന്നു. ഇപ്രകാരം 4 കോടി 55 ലക്ഷം രൂപ ഇക്വിറ്റി ഷെയർ ലഭിച്ചിട്ടുണ്ട്. കൂടാതെ സർക്കാരിൽ നിന്ന് 5 ലക്ഷം രൂപ കമ്പനിക്ക് മൂലധനമായി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | കമ്പനിക്ക് ഇതിനകം ഏതെല്ലാം നഗരങ്ങളിലെ മാലിന്യങ്ങൾ സംസ്കരിക്കാൻ സാധിച്ചിട്ടുണ്ട്; വിശദമാക്കമോ ? | (ഡി) | സംസ്ഥാനത്ത് പുനഃചംക്രമണം സാധ്യമല്ലാത്ത പാഴ്കളിലും മറ്റു മുനിസിപ്പൽ ഡംപ്‌യാർഡുകളിലും കുമിഞ്ഞുകൂടുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ ഉപയോഗിച്ച് റോഡ് ടാർ ചെയ്യുന്ന ഒരു പദ്ധതി പൊതുമരാമത്ത് വകുപ്പുമായി ചേർന്ന് കമ്പനി നടപ്പിലാക്കാൻ തീരുമാനിക്കുകയും രണ്ട് കിലോമീറ്റർ റോഡ് ടാർ ചെയ്യുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ സ്ഥലങ്ങളിലായി ഇത്തരത്തിൽ ആകെ 50 കിലോമീറ്റർ റോഡ് ടാർ ചെയ്യുന്നതിനുള്ള പദ്ധതി തയ്യാറാക്കി വരികയാണ്. അതോടൊപ്പം പ്ലാസ്റ്റിക് മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനും ജൈവമാലിന്യങ്ങൾ സംസ്കരിക്കാനുതകുന്ന സി.എൻ.ജി. ബോട്ട്ലിംഗ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും ഇലക്ട്രോണിക്സ് മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനും സെപ്റ്റേജ് ട്രീറ്റ്മെന്റിനും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. |

Joseph Luke

സെക്ഷൻ ഓഫീസർ